**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2394** **21-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ലോട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Dr. T. M. Thomas Isaac (ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാന ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിനും, ടിക്കറ്റുകളുടെ വില്പന കൂട്ടുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020മുതൽ 12% ത്തിൽ നിന്നും 28% മായി കേന്ദ്ര സർക്കാർ ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/- രൂപയായി ഏകീകരിച്ചു കൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന തുകയിലും വർദ്ധനവ് വരുത്തി ഏകദേശം 58.5% തുക സമ്മാനമായി നൽകത്തക്ക വിധത്തിലും സമ്മാന ഘടന അത്യന്തം ആകർഷക മാക്കി പരിഷ്ക്കരിച്ചു. പരിഷ്ക്കരിച്ച സമ്മാനഘടനയനുസരിച്ചുള്ള ആദ്യ നറുക്കെടുപ്പ് 01.03.2020 -ന് നടത്തുകയും ചെയ്തിട്ടുണ്ട്. ഈ വിധം സമ്മാന ഘടന പരിഷ്കരണം പൊതുജനങ്ങൾക്ക് സ്വീകാര്യ മാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കുന്നതിനായി 2021-22 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ചുവടെപ്പറയുന്ന പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. 100 രൂപയുടെ സമ്മാനങ്ങൾക്ക് നൽകുന്ന ഏജന്റ്സ് പ്രൈസ് 10 രൂപയിൽ നിന്നും 20 രൂപയാക്കുന്നതിനും, മറ്റെല്ലാ സമ്മാനങ്ങളി ന്മേലുള്ള ഏജന്റ്സ് പ്രൈസും 12 ശതമാനമായി വർദ്ധിപ്പിക്കുന്നതിനും എല്ലാ സ്ലാബിലുമുള്ള ഡിസ്കൗണ്ട് അര ശതമാനം വീതം വർദ്ധിപ്പിക്കുന്നതിനും, ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് ഭവന നിർമ്മാണ സഹായം നൽകുന്ന തിനായി ലൈഫ് ബംബർ ഭാഗ്യക്കുറി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നറുക്കെടുപ്പ് അടുത്ത മാർച്ച് മാസത്തിൽ നടത്തുന്നതാണ്. ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകുന്നതിന് ആവശ്യമായ ചട്ട ഭേദഗതികൾ കൊണ്ടു വരുന്നതാണ്. ബാങ്ക് ഗ്യാരണ്ടയിന്മേൽ ഏജന്റുമാർക്ക് ബംബർ ടിക്കറ്റുകൾ |

| | | | |
|---|---|---|---|
| | | | നൽകുന്നതാണ്. ഇതിന് ആവശ്യമായ സോഫ്റ്റ് വെയർ പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. ജി.എസ്.ടി ഓൺലൈനായി ഒടുക്കുന്നതിന് സംവിധാനമുണ്ടാക്കും. സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരു ടെയും ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വന്നിരുന്ന വിവിധ ധനസഹായ ങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി പന്ത്രണ്ട് ശതമാനത്തിൽ നിന്നും ഇരുപത്തിയെട്ട് ശതമാനമായി ഉയർത്തിയ ജി.എസ്.ടി കൗൺസിലിന്റെ നടപടി സംസ്ഥാന ലോട്ടറിയെ എപ്രകാരമാണ് ബാധിച്ചത്; | (ബി) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020മുതൽ 12% ത്തിൽ നിന്നും 28% മായി കേന്ദ്ര സർക്കാർ ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/-രൂപയായി ഏകീകരിക്കേണ്ടിവരുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ GST നിരക്കിലുണ്ടായ വർദ്ധനവിനനുസൃതമായി സമ്മാന ഘടന പരിഷ്ക്കരിച്ചതു വഴി ഭാഗ്യക്കുറി വകുപ്പി ലൂടെ സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുകയും ചെയ്തി ട്ടുണ്ട്. സമ്മാനഘടന പരിഷ്ക്കരണം വഴി ഏകദേശം 58.5% ത്തോളം തുക സമ്മാനയി നത്തിൽ പൊതുജനങ്ങൾക്ക് നിലവിൽ നല്കിവരുകയും ചെയ്യുന്നുണ്ട്. |
| (സി) | പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനയിലും വില്പനയിലും പരിഷ്കാരം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടന 01.03.2020മുതൽ പരിഷ്ക്ക രിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020മുതൽ 12% ത്തിൽ നിന്നും 28% മായി കേന്ദ്ര സർക്കാർ ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/-രൂപയായി ഏകീകരിച്ചുകൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന തുകയിലും വർദ്ധനവ് വരുത്തിയും ഏകദേശം 58.5% തുക സമ്മാനമായി നൽകത്തക്കവിധത്തിലും സമ്മാനഘടന അത്യന്തം ആകർഷകമാക്കി പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പരിഷ്ക്കരിച്ച സമ്മാന ഘടന 01.03.2020ലെ പൗർണ്ണമി ഭാഗ്യക്കുറിയുടെ 432-ാമത് നറുക്കെടുപ്പ് മുതൽ പ്രാബല്യ ത്തിൽ വരുകയും ചെയ്തിട്ടുണ്ട്. സമ്മാന വിഹിതം വിൽപ്പന വരുമാനത്തിന്റെ 1.5% കൂടി വർദ്ധിപ്പിക്കുമ്പോൾ പ്രതിവാര ഭാഗ്യക്കുറികൾക്ക് 11000 സമ്മാനങ്ങൾ കൂടി ലഭ്യമാകുന്നതിനുള്ള നടപടി 2021-22 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡ് പ്രതിസന്ധിമൂലം ഭാഗ്യക്കുറി വരുമാനത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; | (ഡി) | 2020മാർച്ച് മാസം അവസാനത്തോടുകൂടി വ്യാപിച്ച മഹാമാരിയായ കോവിഡ്-19ന്റെ |

| | | | |
|---|---|---|---|
| | വിശദാംശം നൽകുമോ? | | നിർവ്യാപനവുമായി ബന്ധപ്പെട്ടുള്ള സമ്പൂർണ്ണ അടച്ചിടലും ഇതിന്റെ ഭാഗമായുള്ള തുടർ നിയന്ത്രണങ്ങളും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ മുഴുവൻ പ്രതിവാര ഭാഗ്യക്കുറികൾ, വിഷു ബമ്പർ ഭാഗ്യക്കുറി (BR-73), പിന്നീടുള്ള മാസങ്ങ ളിലെ എല്ലാ ഞായറാഴ്ചകളിലേയും പൗർണ്ണമി, വ്യാഴാഴ്ചയിലെ കാരുണ്യ പ്ലസ് പ്രതിവാരഭാഗ്യക്കുറികൾ, (ഡിസംബർ മാസം വരെ) എന്നിവയുൾപ്പെടെ നിലവിൽ ഏകദേശം 160ഓളം ഭാഗ്യക്കുറികൾ റദ്ദു ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷത്തിൽ (ഡിസംബർ മാസം വരെ) നികുതിയേതര വരുമാനമായി 7687.4കോടി രൂപ സമാഹരിച്ചിരുന്ന സ്ഥാനത്ത് 2020-2021സാമ്പത്തിക വർഷത്തിൽ (ഡിസംബർ മാസം വരെ) 2742.29 രൂപ മാത്രമാണ് നികുതിയേതര വരുമാനമായി വകുപ്പിന് സമാഹരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഏകദേശം 5000കോടി രൂപയോളം തുക കുറവ് വരുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ